**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 46** **23-01-2025 - ൽ മറുപടിയ്ക്ക്**

**കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി കരാർ ലംഘനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. അൻവർ സാദത്ത്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയിൽ ടി കോം കമ്പനിക്ക് പണം നൽകി കരാർ അവസാനിപ്പിക്കാൻ തീരുമാനിച്ചതിന്റെ കാരണം അറിയിക്കുമോ; | (എ) | ടീകോം കമ്പനി കരാറിൽ നിന്ന് പിൻമാറാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. പ്രധാനപ്പെട്ടവ താഴെ പറയുന്നു.<br><br>1.കൊച്ചി സ്മാർട്ട് സിറ്റിയോട് ചേർന്നുള്ള ഐ.ടി വ്യവസായ മേഖലയിൽ സർക്കാർ ഐ.ടി വികസനം പ്രോത്സാഹിപ്പിക്കുന്നു.<br><br>ഇത് സർക്കാരിന് പ്രോത്സാഹിപ്പിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. വൻകിട ഐ.ടി കമ്പനികൾ ഉൾപ്പെടെ 150 ഓളം കമ്പനികൾ കൊച്ചി ഇൻഫോപാർക്കിന്റെ waiting list ൽ ഫ്ലോർ സ്പേസിനായും ഭൂമി ലഭിക്കുന്നതിനായും കാത്തിരിക്കുന്നുണ്ട്. അതിനാൽ ടീകോമിന്റെ ഈ ആവശ്യം സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.<br>2. ടീകോമിന് കൈമാറിയ ഭൂമിയിൽ അളവിൽ കുറവുണ്ടെന്ന കമ്പനിയുടെ വാദം.<br><br>3. 12% ഭൂമി ഐ.ടി ഇതര വാണിജ്യ ആവശ്യങ്ങൾക്കായി നൽകണമെന്ന ആവശ്യം സർക്കാർ അനുവദിച്ചില്ല. ഈ ആവശ്യം നയപരമായി സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.<br><br>4. കെ-റെയിൽ നടപ്പാക്കുമ്പോൾ കൈമാറിയ ഭൂമിയിൽ നിന്ന് ഭൂമി വിട്ടുനൽകേണ്ടി വരുമെന്ന സ്ഥിതി.<br><br>ഇതിനു പുറമേ 2017ൽ ദുബായ്ക്ക് പുറത്ത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല എന്ന് ദുബായ് ഹോൾഡിംഗ് തീരുമാനിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | ഇതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട്സിറ്റി പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം അവർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായി. ഈ പിൻമാറ്റം സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് ആരായുകയും പ്രസ്തുത വിഷയം പഠിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ നിയോഗിക്കുകയും ചെയ്തു. നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സമിതി കാര്യങ്ങൾ പരിശോധിച്ച് ശിപാർശ നൽകുകയുണ്ടായി. ആയത് അംഗീകരിച്ചു കൊണ്ട് ടീകോമും സംസ്ഥാന സർക്കാരും തമ്മിൽ പരസ്പരധാരണയിൽ കരാർ അവസാനിപ്പിക്കുന്ന നിലയിലേക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.<br><br>കൊച്ചിയിൽ ഐ.ടി. മേഖലയിൽ നിലവിലുള്ള വർധിത ആവശ്യങ്ങൾ പരിഗണിച്ച് സർക്കാർ നിയന്ത്രണത്തിൽ തന്നെ ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി കരാറിലെ 11(2) വ്യവസ്ഥ പ്രകാരം കരാർ വ്യവസ്ഥകളിൽ ടി കോം വീഴ്ച വരുത്തുന്ന സാഹചര്യത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം നികത്താൻ ടി കോമിന് ഉത്തരവാദിത്തമുണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | ടീകോം കമ്പനി കരാറിൽ നിന്ന് പിൻമാറാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. പ്രധാനപ്പെട്ടവ താഴെ പറയുന്നു.<br><br>1.കൊച്ചി സ്മാർട്ട് സിറ്റിയോട് ചേർന്നുള്ള ഐ.ടി വ്യവസായ മേഖലയിൽ സർക്കാർ ഐ.ടി വികസനം പ്രോത്സാഹിപ്പിക്കുന്നു.<br><br>ഇത് സർക്കാരിന് പ്രോത്സാഹിപ്പിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. വൻകിട ഐ.ടി കമ്പനികൾ ഉൾപ്പെടെ 150 ഓളം കമ്പനികൾ കൊച്ചി ഇൻഫോപാർക്കിന്റെ waiting list ൽ ഫ്ലോർ സ്പേസിനായും ഭൂമി ലഭിക്കുന്നതിനായും കാത്തിരിക്കുന്നുണ്ട്. അതിനാൽ ടീകോമിന്റെ ഈ ആവശ്യം സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.<br>2. ടീകോമിന് കൈമാറിയ ഭൂമിയിൽ അളവിൽ കുറവുണ്ടെന്ന കമ്പനിയുടെ വാദം.<br><br>3. 12% ഭൂമി ഐ.ടി ഇതര വാണിജ്യ ആവശ്യങ്ങൾക്കായി നൽകണമെന്ന ആവശ്യം സർക്കാർ അനുവദിച്ചില്ല. ഈ ആവശ്യം നയപരമായി സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല. |

| | | | |
|---|---|---|---|
| | | | 4. കെ-റെയിൽ നടപ്പാക്കുമ്പോൾ കൈമാറിയ ഭൂമിയിൽ നിന്ന് ഭൂമി വിട്ടുനൽകേണ്ടി വരുമെന്ന സ്ഥിതി.<br><br>ഇതിനു പുറമേ 2017ൽ ദുബായ്ക്ക് പുറത്ത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല എന്ന് ദുബായ് ഹോൾഡിംഗ് തീരുമാനിച്ചിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട്സിറ്റി പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം അവർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായി. ഈ പിൻമാറ്റം സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് ആരായുകയും പ്രസ്തുത വിഷയം പഠിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ നിയോഗിക്കുകയും ചെയ്തു. നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സമിതി കാര്യങ്ങൾ പരിശോധിച്ച് ശിപാർശ നൽകുകയുണ്ടായി. ആയത് അംഗീകരിച്ച് കൊണ്ട് ടീകോമും സംസ്ഥാന സർക്കാരും തമ്മിൽ പരസ്പരധാരണയിൽ കരാർ അവസാനിപ്പിക്കുന്ന നിലയിലേക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.<br><br>കൊച്ചിയിൽ ഐ.ടി. മേഖലയിൽ നിലവിലുള്ള വർധിത ആവശ്യങ്ങൾ പരിഗണിച്ച് സർക്കാർ നിയന്ത്രണത്തിൽ തന്നെ ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |
| (സി) | എങ്കിൽ പ്രസ്തുത വ്യവസ്ഥ പ്രകാരം ടി കോമിൽനിന്നും നഷ്ടപരിഹാരം ഈടാക്കാൻ സർക്കാർ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ? | (സി) | ടീകോം കമ്പനി കരാറിൽ നിന്ന് പിൻമാറാൻ പല കാരണങ്ങൾ ഉണ്ടായിരുന്നു. പ്രധാനപ്പെട്ടവ താഴെ പറയുന്നു.<br><br>1.കൊച്ചി സ്മാർട്ട് സിറ്റിയോട് ചേർന്നുള്ള ഐ.ടി വ്യവസായ മേഖലയിൽ സർക്കാർ ഐ.ടി വികസനം പ്രോത്സാഹിപ്പിക്കുന്നു.<br><br>ഇത് സർക്കാരിന് പ്രോത്സാഹിപ്പിക്കാതിരിക്കാൻ കഴിയുമായിരുന്നില്ല. വൻകിട ഐ.ടി കമ്പനികൾ ഉൾപ്പെടെ 150 ഓളം കമ്പനികൾ കൊച്ചി ഇൻഫോപാർക്കിന്റെ waiting list ൽ ഫ്ലോർ സ്പേസിനായും ഭൂമി ലഭിക്കുന്നതിനായും കാത്തിരിക്കുന്നുണ്ട്. അതിനാൽ ടീകോമിന്റെ ഈ ആവശ്യം സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.<br>2. ടീകോമിന് കൈമാറിയ ഭൂമിയിൽ അളവിൽ കുറവുണ്ടെന്ന കമ്പനിയുടെ വാദം. |

| | | | |
|---|---|---|---|
| | | | 3. 12% ഭൂമി ഐ.ടി ഇതര വാണിജ്യ ആവശ്യങ്ങൾക്കായി നൽകണമെന്ന ആവശ്യം സർക്കാർ അനുവദിച്ചില്ല. ഈ ആവശ്യം നയപരമായി സർക്കാരിന് അംഗീകരിക്കാൻ കഴിയുമായിരുന്നില്ല.<br><br>4. കെ-റെയിൽ നടപ്പാക്കുമ്പോൾ കൈമാറിയ ഭൂമിയിൽ നിന്ന് ഭൂമി വിട്ടുനൽകേണ്ടി വരുമെന്ന സ്ഥിതി.<br><br>ഇതിനു പുറമേ 2017ൽ ദുബായ്ക്ക് പുറത്ത് പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നില്ല എന്ന് ദുബായ് ഹോൾഡിംഗ് തീരുമാനിച്ചിരുന്നു.<br><br>ഇതിന്റെ അടിസ്ഥാനത്തിൽ സ്മാർട്ട്സിറ്റി പദ്ധതിയിൽ നിന്നുള്ള പിൻമാറ്റം അവർ സംസ്ഥാന സർക്കാരിനെ അറിയിക്കുകയുണ്ടായി. ഈ പിൻമാറ്റം സംബന്ധിച്ച നിയമോപദേശം അഡ്വക്കേറ്റ് ജനറലിനോട് ആരായുകയും പ്രസ്തുത വിഷയം പഠിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിയെ നിയോഗിക്കുകയും ചെയ്തു. നിയമ വകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ ടി സമിതി കാര്യങ്ങൾ പരിശോധിച്ച് ശിപാർശ നൽകുകയുണ്ടായി. ആയത് അംഗീകരിച്ച കൊണ്ട് ടീകോമും സംസ്ഥാന സർക്കാരും തമ്മിൽ പരസ്പരധാരണയിൽ കരാർ അവസാനിപ്പിക്കുന്ന നിലയിലേക്കുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുകയാണ്.<br><br>കൊച്ചിയിൽ ഐ.ടി. മേഖലയിൽ നിലവിലുള്ള വർധിത ആവശ്യങ്ങൾ പരിഗണിച്ച് സർക്കാർ നിയന്ത്രണത്തിൽ തന്നെ ഈ ഭൂമി ഫലപ്രദമായി വിനിയോഗിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ